**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **06-12-2022 - ൽ മറുപടിയ്ക്ക്**

**വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ പുരുഷസമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് സമം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി 2019-20ലെ ബഡ്ജറ്റ് മുതൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ചിത്രങ്ങൾ ഓരോ വർഷവും സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമ്മിച്ചുവരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (ബി) | സമം പദ്ധതിയുടെ നിർവഹണ ഏജൻസിയായ കെ.എസ്.എഫ്.ഡി.സി.യ്ക്ക് 07.03.2022 ലെ സ.ഉ (സാധാ) നം. 132/2022/സാം.കാ.വ. പ്രകാരം 2021-22 സാമ്പത്തിക വർഷം 55.50 ലക്ഷം രൂപ അനുവദിച്ചു നല്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സമത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപയിൽ കെ.എസ്.എഫ്.ഡി.സി.യ്ക്ക് ആദ്യം അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 25 ലക്ഷം രൂപ കൂടി അനുവദിച്ചു നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ